CHRISTIAN MUSICOLOGICAL SOCIETY OF INDIA

ചാവറയച്ചന്റെ

സമ്പൂർണ്ണ കൃതികൾ



"ഈ എഴുതുവാൻപോകുന്ന സംഗതികൾ ഞാൻ കണ്ണുകൊണ്ടു കണ്ടതായിട്ടും വിശ്വാസമുള്ളവരിൽനിന്നും കേട്ടതായിട്ടും ഉള്ളതത്രെയാകുന്നു.

ഈവണ്ണം ഞാൻ എഴുതുന്നുവെങ്കിലും ഞാൻ അറിയാത്തതായ മറു പല വിവരങ്ങളും ഉണ്ടായിരിക്കും. എങ്കിലും ഞാൻ അറിഞ്ഞിട്ടുള്ളതും എന്റെ ഓർമ്മയിൽ വരുന്നതുമായ സംഗതികൾ മാത്രം ഇവിടെ കുറിക്കുന്നു."

(ചാവറയച്ചന്റെ നാളാഗമം Vol. I, P. 83)

വാല്യം ഒന്ന്

നാളാഗമങ്ങൾ

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ചാവറയച്ചന്റെ

സമ്പൂർണ്ണ കൃതികൾ



വാല്യം ഒന്ന്

നാളാഗമങ്ങൾ

സി.എം.ഐ.

പ്രസാധക കമ്മിറ്റി

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



(Malayalam)

CHAVARAYACHENTE SAMPOORNA KRUTHIKAL

(Volume I Nalagamangal)

PUBLISHING COMMITTEE
First Edition 1981
Second Edition 1985
Third Edition 2000
Published by
C.M.I. Prior General
Copy right to
The Publisher
Copies : 1500
Price Rs. 30/-

Printed at
K.E.Offset Press, Mannanam - 686561

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

പുന: പ്രസാധനത്തെപ്പറ്റി രണ്ടുവാക്ക്

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കേരള സഭയുടെ അഭിമാന പാത്രമാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ അദ്ദേഹം കേരള സഭയുടെ ആദ്ധ്യാത്മിക നേതൃത്വം ഏറ്റെടുത്തു. കേരള സഭയുടെ വളർച്ച ഉദ്ദേശം ചെയ്താണ് സി. എം. ഐ. സഭയും, സി. എം. സി. സഭയും അദ്ദേഹം സ്ഥാപിച്ചത്. പതിനെട്ടാം നൂറ്റാണ്ടിലെ കേരള സഭയുടെ നല്ലൊരു ചിത്രം ചാവറയച്ചൻതന്നെ എഴുതിയ ഈ ''നാളാഗമങ്ങളാ'' നമുക്കു നല്കുന്നു.

1984 ഏപ്രിൽ 7-ാം തീയതി ജോൺ പോൾ II മാർപ്പാപ്പാ ദൈവദാസനായ ചാവറയച്ചനെ ''ധന്യൻ'' എന്ന പദവിയിലേയ്ക്കുയർത്തി. 1985 മേയ് 9-ാം തീയതി അദ്ദേഹത്തെ ''വാഴ്ത്തപ്പെട്ടവൻ'' എന്നു വിളിക്കുന്നതിനുള്ള വ്യവസ്ഥയായ അത്ഭുതരോഗശാന്തി ഒപ്പു വച്ചു അംഗീകരിച്ചു. ഔദ്യോഗിക പ്രഖ്യാപനം മാർപാപ്പായുടെ കേരള സന്ദർശനാവസരത്തിൽ കോട്ടയത്തു വച്ചാകും എന്നറിയുന്നു. ഈ അവസരത്തിൽ ചാവറയച്ചന്റെ ''നാളാഗമങ്ങളാ'' പുന: പ്രസാധനം ചെയ്യണമെന്നു പലരും ആവശ്യപ്പെട്ടു.

അതനുസരിച്ചാണ് നാമകരണ നടപടിയോടുകൂടിയുള്ള ആഘോഷങ്ങളുടെയും കമ്മ-നവീകരണ പദ്ധതികളുടെയും നിയന്ത്രണങ്ങൾക്കായി നിയമിതമായ സ്റ്റിയറിംഗ് കമ്മിറ്റി ഈ ഉത്തരവാദിത്വം ഏറ്റെടുത്തത്. ഭാഷയിൽ കാര്യമായ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. പഴയ മലയാള അക്കങ്ങളാ ഇന്നു പ്രചാരത്തിലുണ്ടായതുകൊണ്ട് പുതിയ അക്കങ്ങളാ ഇതിൽ ഉപയോഗിച്ചിരിക്കുന്നു. ''വാഴ്ത്തപ്പെട്ടവൻ'' എന്ന ഔദ്യോഗിക പ്രഖ്യാപനം ഇതുവരെ ഉണ്ടായിട്ടില്ലാത്തതിനാൽ ഈ ഗ്രന്ഥത്തിലും അതുപേക്ഷിച്ചിരിക്കുന്നു.

ചാവറപിതാവിന്റെ ആദ്ധ്യാത്മിക ചൈതന്യം ഉൾക്കൊള്ളുവാൻ മലയാളമക്കളെ ഈ ഗ്രന്ഥം സഹായകമാകട്ടെ.

സ്റ്റിയറിംഗ് കമ്മിറ്റിക്കു വേണ്ടി

എറണാകുളം
1-11-1985

ഫാ. ജോസഫ് നിലങ്കാവിൽ സി.എം.ഐ.
കൺവീനർ.

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY of INDIA



ഒന്നാം പ്രസംഗം:—

ഉപന്യാസകർത്താവ്:

[illegible]

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അവതാരിക

ലോകചരിത്രമെന്നതു് ഇക്കാണായ വിശാലവിശ്വത്തിന്റെ ചരിത്രമല്ല, പ്രത്യുത, വ്യക്തിയുടെ അഥവാ വ്യക്തികളുടെ ചരിത്രമാണു്. മനുഷ്യൻ എന്ന പ്രതിഭാസമില്ലാത്ത ലോകം ലോകമല്ല; അതിനു ചരിത്രവുമില്ല. ഭൂത ഭാവി വർത്തമാനങ്ങളെ സ്വന്തം ജീവിതാനുഭവങ്ങളുടെ അനശ്വരചൈതന്യംകൊണ്ടു് പ്രഭാപൂർണ്ണമാക്കുന്ന വ്യക്തികളുടെ ചരിത്രംതന്നെയാണു്, വികസ്വരവും നിത്യവിസ്മയവുമായ പ്രപഞ്ചത്തിന്റെ ചരിത്രം. മറെറാരുവാക്കിൽ, ജനിച്ചും വളർന്നും പ്രകൃതിയുടെ ഒഴുക്കിനൊത്തു നീങ്ങുന്ന ശരാശരി മനുഷ്യന്റെ സങ്കല്പങ്ങളേയും മാനദണ്ഡങ്ങളേയും അതിജീവിക്കുകയും, അവസ്തുപരി ഉത്തുംഗമായി നിലകൊള്ളുകയും ചെയ്യുന്ന സമുൽകൃഷ്ടവ്യക്തിത്വത്തിന്റെ ഉടമകളാണു് വിശ്വചരിത്രത്തിന്റെ വിധാതാക്കൾ. കാലത്തിൽ കാലൂന്നിയവർ ജീവിച്ചാലും അവരുടെ കാഴ്ചപ്പാടും ജീവിതലക്ഷ്യവും കാലാതീതമായിരുന്നതിനാൽ അവർ ചിരംജീവികളായിത്തീരുന്നു.

കാലഘട്ടത്തെ അതിജീവിക്കുകയും, സ്വന്തം വ്യക്തിത്വത്തിന്റെ വശ്യശക്തികൊണ്ടു് ത്രികാലങ്ങളെ പ്രകാശമാനമാക്കുകയും ചെയ്ത ഞങ്ങളുടെ സഭാസ്ഥാപകനായ ദൈവദാസൻ ചാവറ കുര്യാക്കോസു് ഏലിയാസച്ചന്റെ ചരിത്രം കേരള ക്രൈസ്തവ സമൂഹത്തിന്റെ ഒരു കാലഘട്ടത്തിന്റെ മുഴുവനും ചരിത്രമാണു്. സാമൂഹ്യ സാംസ്കാരികരംഗത്താകട്ടെ, സർവ്വോപരി അധ്യാത്മികരംഗത്താകട്ടെ ക്രാന്തദർശിയും മനുഷ്യസ്നേഹിയും, പുണ്യപുരുഷനുമായ ചാവറയച്ചന്റെ സമുജ്ജ്വലവ്യക്തിത്വം മനസ്സിലാക്കുക കേരളചരിത്രം പഠിക്കുന്നവക്കൊക്കെ ഒഴിച്ചുനിർത്താനാവാത്ത ഒന്നത്രേ.

ചേന്നങ്കരി ഇടവകാതിർത്തിയിലെ കൈനകരി ചാവറ കുടുംബത്തിൽ ക്രിസ്തുവർഷം 1805 ഫെബ്രുവരി 10-ാം തീയതി കുര്യാക്കോസു് ഏലിയാസച്ചൻ ജനിച്ചു. നാട്ടുനടപ്പനുസരിച്ചുള്ള വിദ്യാഭ്യാസം നിർവ്വഹിച്ചശേഷം 1815 ൽ പള്ളിപ്പുറം സെമിനാരിയിൽ ചേർന്നു് വൈദികപഠനം ആരംഭിച്ചു. അക്കാലയളവിൽ മാതാപിതാക്കളും ഏകസഹോദരനും മരണമടഞ്ഞു. സഹോദരപുത്രിയുടെ സംരക്ഷണമടക്കം കുടുംബകാര്യങ്ങളും നിർവ്വഹിക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ടെന്നറിയിച്ചു് ബന്ധുജനങ്ങളും പള്ളിപ്പുറത്തെത്തി. സെമിനാരിവിട്ടു് വീട്ടിലെത്തുവാൻ അവർ അദ്ദേഹത്തെ നിർബ

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ആമുഖം

ചാവറയച്ചന്റെ കൃതികൾ

ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ ചെറുതും വലുതുമായി പല ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. അവയിൽ അഞ്ചെണ്ണം മാത്രമെ ഇതുവരെ അച്ചടിക്കപ്പെട്ടിട്ടുള്ളു. അവയ്ക്കെല്ലാം മൂന്നും അതിലധികവും പതിപ്പുകൾ ഇതിനകം ഉണ്ടായിട്ടുണ്ട്. ''നല്ല അപ്പന്റെ ചാപൊരുൾ'' എന്ന അദ്ദേഹത്തിന്റെ ലഘു കൃതിയുടെ പതിനാറിലധികം പതിപ്പുകളിലായി ഒന്നരലക്ഷത്തിലധികം പ്രതികൾ കേരളത്തിൽ പ്രചരിച്ചിട്ടുണ്ട്. ചാവറയച്ചന്റെ സുപ്രധാനങ്ങളായ പല കൃതികളും ഇനിയും വെളിച്ചം കണ്ടിട്ടില്ല. അവയിൽ പ്രധാനമാണ നാളാഗമങ്ങൾ എന്ന പേരിലറിയപ്പെടുന്ന അഞ്ചു ചരിത്ര കൃതികൾ.

നാളാഗമങ്ങൾ ഏവയെല്ലാം

നാളാഗമങ്ങൾ എന്നറിയപ്പെടുന്ന ഈ ചരിത്രഗ്രന്ഥങ്ങളിൽ ആദ്യത്തെ രണ്ടിൽ മാന്നാനം ആശ്രമത്തിന്റെ സ്ഥാപന ചരിത്രവും മൂന്നാമത്തേതിൽ റോക്കോസ് കലാപചരിത്രവും നാലാമത്തേതിൽ അമ്പഴക്കാട്ട കൊവേന്തയുടേയും അഞ്ചാമത്തേതിൽ കൂനമ്മാവു കർമ്മലീത്താ മഠത്തിന്റേയും സ്ഥാപന ചരിത്രവും വിവരിക്കുന്നു. തുടർന്ന് ഈ മൂന്നു സ്ഥാപനങ്ങളിലും നടന്ന സംഭവങ്ങൾ തീയതി വെച്ചു ദിനവൃത്താന്തങ്ങളായി കൊടുത്തിരിക്കുന്നു. എന്നാൽ ഇവയിലെല്ലാം ഉപരിയായി ഈ അഞ്ചു പുസ്തകങ്ങളും അക്കാലഘട്ടത്തിലെ കേരള സഭാചരിത്രവും കൂടിയാണ്. ഇനിയും വെളിച്ചം കാണാത്ത വളരെ അധികം ചരിത്ര വസ്തുതകൾ അവ ഉൾക്കൊള്ളുന്നുണ്ട്. തന്നിമിത്തം ഞങ്ങൾ അവ അച്ചടിച്ചു പ്രസിദ്ധീകരിക്കുകയാണ്.

ഈ ചരിത്രകൃതികൾക്കും പുറമെ ചാവറയച്ചൻ എഴുതിയിട്ടുള്ള ചില കത്തുകളും സർക്കുലറുകളും അദ്ദേഹത്തിനു സിദ്ധിച്ചിട്ടുള്ളതോ അ

christianmusicologicalsocietyofindia.com

ഉണ്ടായി എന്നതിനെക്കൊണ്ട അവനും പള്ളിപ്പുറത്തയിടവകയിൽ കല്ലുങ്കൽ എന്ന വീട്ടിൽ ഇട്ടിയയിപ്പ് എന്നയാളും മുൻമ്പിനാൽ ഞങ്ങളുടെ മല്പാനച്ചന്റെ മല്പാനച്ചനായിരിക്കുന്ന തച്ചിൽ അവുറാഹം മൽല്പാനാദ് കൊല്ലാഹെംദൊ[1] എന്ന പേരു വിളിക്കപ്പെട്ട ദെഹം പള്ളിപ്പുറത്തു പഠിപ്പിച്ച പാർത്തിക്കുന്നു. അന്ന ആദെഹത്തിന്റെ കൂടെ പല വഴിയും നടന്നറിഞ്ഞിരിക്കുന്നു എന്ന യീഴവ പരുഷയിലുള്ള ഇട്ടൻ എന്നവനും ഇവരെല്ലാവരും കൂടെ പുറപ്പെട്ട ഇത്തിപ്പൈ ആറിൽ വഴിപോയി വെട്ടിക്കാട്ടുമുക്കും കടന്ന ആ പ്രദെശങ്ങളൊക്കെയും തീരത്തവിടെനിന്നും കടനാട്ടി പാറയെന്ന പൊല്ലുന്ന യൊഖ്യപ്പെട്ട[2] സ്ഥലവും കടന്നു മുളക്കുളത്തു പെന്ന അവിടെയും തിരഞ്ഞാറെ മനസിണങ്ങിയതിൽ ഒരിടവും കണ്ടില്ലാ പിന്നെത്തെതിൽ ആയിടത്തിൽ പെരിയ പുറത്തു മാത്തൻ എന്ന ഒരു ഗ്രഹസ്ഥൻ ഉണ്ടായിരുന്നു. ഈ വർത്തമാനം ആയാം കെട്ടാറെ പെരികെ സന്തോഷിച്ച ഇവരെ കൂട്ടികൊണ്ട പെന്ന യാവനെയും കൊട്ടത്ത ആയിടവകയിൽ പുത്തൻകൂറുകാരും പഴെകൂറുകാരും ഒരുമിച്ചു നടക്കെയിൽ (P. 30) വെർവിട്ട പള്ളി വൈയ്യുണമെന്നും നിശ്ചയിച്ച ഒരു കുന്നംപുറം മുതലാളനൊട എഴുതിവാങ്ങിച്ചിട്ടിരുന്നു. ആയതു തന്നെയിവക്ക കൊടുക്കാമെന്നും പറെഞ്ഞ അവിടെ കൊണ്ടുചെന്ന കാട്ടുകയും ചെയ്തു. ആയതുകൊണ്ടാറെ വീതിവിസ്താരത്തിന്റെ ചുരുക്കം കൊണ്ടും കടനാട്ടിപാറയെന്നുള്ളയൊഖ്യം[3] കൊണ്ടും ഏറെത്തന്നെ തെളിഞ്ഞില്ല എന്നുവരികിലും ഇതിൽ നന്നായിട്ട കണ്ടെത്തെയില്ലായെങ്കിൽ ഇതുതന്നെ വെണമെന്നും ഇങ്ങനെ മനസിലിരിക്കയാൽ ഒന്നും പരിച്ചേതിക്കാതെ കിട്ടിയാൽ കൊള്ളാമെന്നും ഇങ്ങനെ പറെഞ്ഞുകൊണ്ട അവിടെ നിന്നും യാത്ര പുറപ്പെട്ട വഴിയിൽ കാണുന്ന ഉയെരപ്പെട്ട കുന്നും മലെയും നൊക്കുകയും ആരായുകയുംയിങ്ങനെവന്ന കടനാട്ടിൽ പാറെയും കടന്ന അതിനും താഴെ വെട്ടിക്കാട്ടുമുക്കിനും മെക്ക കളമ്പൂര എന്ന പൊല്ലുന്ന മണക്ക അടുത്തു അവിടെ ഒരു സ്ഥലം കണ്ട ആയതിനെ നോക്കുവാൻ അപ്പോം ഞങ്ങളുടെ അച്ചനു ക്ഷിണമാകയാലും നേരം അകാലമായി പൊകകൊണ്ടും വള്ളത്തിൽതന്നെ കിടക്കയും അപ്പൊം വലുതായിട്ടൊരു മരം അവിടെ ഉണ്ടായിരുന്നു. അതിന്റെ (P. 31) താഴെ വഞ്ചിയും ചെർത്തിരുന്നു അങ്ങനെ കുറെ നേരം കഴിഞ്ഞതിന്റെ ശേഷം

മുളക്കുളത്തു്

പെരിയപ്പുറത്തു് മാത്തന്റെ ഉദാരത

1. സുറിയാനി ശൈലി. ഇൻഡ്യ മുഴവനേറയും മല്പാൻ എന്നർത്ഥം.
2. അപകടമുള്ള
3. അപകടം

christianmusicologicalsocietyofindia.com

തൊണ്ടനാട്ട അന്തോനിക്കത്തനാർ അവ് ദീശോ മെത്രാപ്പോലീത്തായായി നാട്ടിൽ തിരിച്ചെത്തുന്നു.

എഴുത്തുകൊടുത്തയച്ചു. ഇതായത നമ്മുടെ അന്തൊനി അച്ചൻ അവദ ഈശൊ മെത്രാപ്പൊലിത്താ ആയിട്ട വാണവന്നിരിക്കയാൽ മെൽനടപ്പിനുവെണ്ടിയ കാര്യം നിശ്ചയിപ്പാനായി തെക്കാട്ടശെരിൽ കൂടിക്കൊള്ളണം— എന്ന ഈ എഴുത്ത പുറപ്പെട്ടാറെ മുമ്പിലത്തെ പൊലെയുള്ള തെളിവില്ല. എന്നാൽ അതിരമ്പുഴക്കാരു (P. 59) പൊയി പക്ഷെ ചെന്നപ്പൊഴെ മെത്രാനെ പ്പാശനാൽക്ക യാത്രയാക്കി ഇതായത; അയ്യനാടനൊട ഗ്രണദൊഷിക്കാതെ. അത്രെ ഈ പരസ്യംചെയ്തത എന്നും കെഴ്ക്കുന്നു. ഏതെങ്കിലും ഇതിന്ന മനസ്സുവച്ചില്ല. എങ്കിൽ പ്പാശനാൽ ചെന്നിരുന്ന പട്ടക്കപ്പായവും മൊതിരവും മെത്രാൻപദവി അണഞ്ഞ റൊക്കൊസു ശമ്മാശന്മാരക്കൊണ്ട മണിയടിപ്പിച്ച കുർബ്ബാനയും ചൊല്ലി. ചില പെണ്ണുങ്ങളും മുതലായവരെ കൈയും മുത്തിച്ചു തുടങ്ങി അങ്ങനെയിരിക്കയിൽ ദൈവകൃപയാൽ പൊർത്തുഗൽ പദ്രുവാദിന്റെ വിവാദകം ഒതുങ്ങി. ശ്ര: മാപ്പ്പ്പയുമായി ചെയ്ത കൊംകർദാത്തുംപ്രകാരം ഗൊവയ്ക്ക മെത്രാപ്പൊലീത്തായും ശ്ര: മാപ്പ്പ്പായുടെ പെക്ക കത്തജീന എന്ന ദിക്കിന്റെ മെത്രാപ്പൊലീത്താ ആയ സംവത്തൊർ സാബാ എന്ന ദെഹവും ശ്രദ്ധ: സിംഹാസനത്തിന്റെ ശ്രശ്രൂഷി ഇംഗ്ലിഷ രാജവങ്കിഷപതി ആയ ളൊ ആർദ എന്ന മുസിഞ്ഞൊറും പൊർത്തുഗാം കൊമ്മിസാരിയും ഇങ്ങനെയുള്ളവരു വന്നിറങ്ങിയതിനാൽ അംശം അവിടെ അടങ്ങി എങ്കിലും പെ: പെ: ബ: കൊമ്മിസ്സാരി അപ്പസ്തൊലിക്കാച്ചനെയും മറും കാണ്മാനായിട്ട പ്രിയൊരച്ചൻ പൊയിരിക്കയിൽ ഒരാം വശം ഒരെഴുത്ത വരാപ്പുഴയ്ക്ക കൊടുത്തയച്ചു.

പദ്രുവാദോ വിവാദം ഒതുങ്ങുന്നു

ഇതായത മലയാളത്തിന്റെ അന്തൊനീസ അവദ ഈശൊ മെത്രാപ്പൊലീത്താ എഴുത്ത ബ: റെശദൈറാ[1] യിരിക്കുന്ന കുറിയാക്കൊസ മല്പാന്ന സ്വതവം മുമ്പിലത്തെ ഞങ്ങളുടെ വരവിലും എഴുതിക്കൊടുത്തയച്ചു. മറുപടി വന്നില്ല. എന്നാൽ (P. 60) തങ്ങൾക്കുടി നൽമനസു വൈക്കായ്കയാൽ നടപ്പുകെടിന്നും മറും ഇടവന്ന വിവരം ഒക്കെയും എഴുതീട്ടറിയണമെന്നില്ലല്ലൊ. എന്നാൽ ഇപ്പൊഴെ എങ്കിലും നൽമനസുവെച്ചാൽ മുമ്പിലത്തെതിൽ ഉണ്ടായ ക്ലെശമൊക്കെയും തീരുവാൻ ഇടവരും. ഇതിൽവച്ച ഇനിക്കും എന്റെ തറവാട്ടുകാരക്കും ഒരു ബഹുമാനത്തിന്നല്ല ഈ ബുദ്ധിമുട്ടുകൊണ്ടും വെലകൊണ്ടും

കുറിയാക്കോസച്ചനു് അവ്ദീശോ മെത്രാപ്പോലീത്തായുടെ എഴുത്തു്.

1. സുറിയാനി വാക്കു് പ്രിയോർ എന്നർത്ഥം.

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

കാഴ്ചയിലല്ലാതെ ഒരു കാര്യവും എഴുത്തിൽ വിവരപ്പെടുത്തുവാൻ മനസും തൃപ്തിയുമില്ലാത്തതിനാൽ ഒന്നും എഴുതുന്നില്ല. ഇവിടം കഴിഞ്ഞാൽ വന്നു കാണുന്നതിനും എല്ലാംകൊണ്ടും പ്രയാസം ആയതുകൊണ്ട അച്ചൻ ദയവുചെയ്തു ഇവനെ താമസിപ്പിക്കാതെ ആലോചനയൊടുകൂടി മറുപടി വെഗം കൊടുത്തയപ്പാറാകണം. പക്ഷെ ഈ എന്റെ താല്പര്യം ദൈവത്തിൽനിന്നുണ്ടായത എന്ന എന്റെ വിശ്വാസം ഇതിനു മുടക്കുകാര പലര വലിമയ്ക്കുടത്ത ആലൊചനയും താല്പര്യവും ഉണ്ടായിരുന്നാൽ ഈ വിചാരത്തിനിടയുള്ളതല്ലെന്ന ഏവർക്കും പ്രസിദ്ധമായിരിക്കുമല്ലൊ:

ദൈവം നിങ്ങൾക്ക ദീർഘായുസ്സും നല്ല ഒടുക്കവും തരുമാറാകട്ടെ. ആമ്മേൻ. ഇത 1865 മകരം 23 നു-

[illegible]

[illegible]

ദൈവസഹായത്താൽ ഈ എഴുത്തിവിടെ വന്നപ്പൊഴെ പെ:ബ. മെത്രാപ്പൊലീത്തച്ചനും ഇവിടെ ക്ലനമ്മാവുകൾ വന്നിട്ടുണ്ടായിരുന്നതിനാൽ നമ്മുടെ പിതാവ ദെലഗാത്തായ പ്രെലെഒപ്പൊൽദമര്യെസം ജൂസെ മൂപ്പച്ചനൊടു പറഞ്ഞ ബൊധിപ്പിച്ചാറെ വരുവാൻ അനുവദിച്ചു. എംകിലും ഇവിടെ വരണ്ടാഎന്നും കൊട്ടയിൽ പള്ളിയിൽ വരുവാനും അവിടെ പ്രിയൊര ചെന്നു കാണട്ടെ എന്നും കല്പിച്ചു. അപ്രകാരം കൊച്ചിയിൽ വരുവാൻ മറുപടിയും കൊടുത്തയച്ചു.

അവ്ദീശോയുടെ എഴുത്തിനു പ്രിയോരച്ചന്റെ അനുകൂലമായ മറുപടി

ഇതിന്റെ ശെഷം രണ്ടാമത ഇപ്പഴത്തെ ഉഷ്ണസമയംകൊണ്ടും (P. 66) ആററിൽ വെള്ളം ചുരുക്കംകൊണ്ടും പനികൊണ്ടും മഞ്ഞപ്പിത്തംകൊണ്ടും ഏററം ക്ഷീണിതനായി കരയിലും വഞ്ചിയിലും ആയി ഏറിയ ആളുകളുടെ വിരൊധത്തെ തടുത്തുകൊണ്ടും ഏററം പ്രയാസത്തൊടെ കൊച്ചിയിൽ കല്പനപ്രകാരം വന്നു ചെർന്നിരിക്കുന്നു-തമ്മിൽ കാണണമെന്നുള്ള അധികാഗ്രഹത്താൽ അത്രെ ഈ മെട സമയം പുറപ്പെട്ടത-ഇവിടെ അധികം താമസിക്കുന്നതിന്ന സുഖവും പോര അതുനിമിത്തം അച്ചൻ താമസമെന്യെ വെഗം ഇവിടെ കൊട്ടയിൽ പള്ളിയിൽ ബുദ്ധിമുട്ടിവരുമെന്നും കല്പനയിൽ കണ്ടിരിക്കും വണ്ണം വരുമാറാകണം എന്ന അപെക്ഷ ശെഷം കാഴ്ചയിൽ ബൊധിപ്പിച്ചുകൊള്ളാം എന്ന 1865 കുംഭം 8-ാം നു-

[illegible]

[illegible]

christianmusicologicalsocietyofindia.com

marggam
Digital Library of Christianity in India
www.marggam.com

A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org